LIBRARY ARCHIVES Kerala Legislative Assembly

കോതമംഗലം ബ്ലാവനയിൽ പുതിയ റേഷൻകട

281 (1647) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനയിൽ പുതിയ റേഷൻകട ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ബ്ലാവനയിൽ പുതിയ റേഷൻകട അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രദേശവാസികളായ 246 പേർ ഒപ്പിട്ട കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05-2-2021-ൽ നടന്ന അടിയന്തര യോഗത്തിലെ നാലാം നമ്പർ തീരുമാനം സഹിതം എറണാകുളം ജില്ലാ സപ്ലൈ ആഫീസറുടെ കാര്യാലയത്തിൽ ലഭിച്ച നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏകദേശം 3000 ത്തോളം ആളുകൾ അധിവസിക്കുന്ന പൂയംകുട്ടി, മണികണ്ഠംചാൽ മേഖലകളിലായി നിലവിൽ ഒരു റേഷൻകട മാത്രമാണുള്ളത് എന്നതിനാൽ റേഷൻ സാധനങ്ങൾ വാങ്ങാൻ പ്രദേശവാസികൾക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൂയംകുട്ടി, കുറ്റിയാംച്ചാൽ, കല്ലേലിമേട് എന്നിവിടങ്ങളിൽ നിലവിൽ ഓരോ റേഷൻകട വീതം പ്രവർത്തിക്കുന്നുണ്ട്.

(സി) ആദിവാസി കോളനികൾ ഉൾപ്പെടുന്ന പ്രദേശങ്ങളായ പൂയംകുട്ടി, മണികണ്ഠംചാൽ പ്രദേശങ്ങൾക്ക് പുറമെ കല്ലേലിമേട് ആദിവാസി കോളനിയിലേയ്ക്കും ബ്ലാവനയിൽനിന്നാണ് യാത്ര ആരംഭിക്കുന്നത് എന്നതിനാൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ ആളുകളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ബ്ലാവനയിൽ പുതിയ റേഷൻകട ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

റേഷൻകടകളിലെ പരിഷ്കാരങ്ങൾ

282 (1648) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നടപ്പിൽ വരുത്തുന്ന, ഭക്ഷ്യ പൊതുവിതരണവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുന്ന പോസ്റ്ററുകൾ എല്ലാ റേഷൻകടകളിലും പൊതുജനങ്ങൾ കാണത്തക്കവിധം പതിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ കണ്ടെത്തുന്നതിനുള്ള തീവ്രയത്നത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ 15-7-2021 വരെ 1.2 ലക്ഷം അനർഹരെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഓണത്തിനോട് അനുബന്ധിച്ച് സ്പെഷ്യൽ കിറ്റ് റേഷൻ കടകൾ മുഖേന കൂടുതൽ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോവിഡ് 19 ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കും സെയിൽസ്മാൻമാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയുണ്ടായി.

(ബി) റേഷൻകടകളിലെ ഇ-പോസ് മെഷീനുകളുടെ സെർവർ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ?

ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണം പൊതുവെ മുടക്കം കൂടാതെ നടന്നുവരുന്നു. എന്നാൽ അപൂർവ്വമായി മെഷീനിൽ ഉപയോഗിക്കുന്ന സിം കാർഡുകളിൽ നെറ്റ് വർക്ക് ലഭ്യമാകാതെ വരുമ്പോഴോ, ആധാർ സെർവ്വറുമായി കണക്ഷൻ ലഭ്യമാകാതെ വരുമ്പോഴോ ചുരുങ്ങിയ സമയത്തേയ്ക്ക് റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ആയത് പരിഹരിക്കുന്നതിനായി മൊബൈൽ സേവനദാതാക്കളായ വോഡഫോൺ-ഐഡിയ, ബി.എസ്.എൻ.എൽ., എയർടെൽ എന്നിവരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ആധാർ യൂസർ ഏജൻസിയുടെ (AUA) സെർവ്വറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് തകരാർ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി NIC യുടെ AUA സെർവ്വർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ഇപ്രകാരം ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണത്തിൽ തടസ്സമുണ്ടാകുന്നത് പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റേഷൻ വ്യാപാരി മരണമടഞ്ഞാൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ സർക്കാർ തലത്തിൽ നല്കിവരുന്നത്; പുതുതായി എന്തെങ്കിലും ആനുകൂല്യം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ വ്യാപാരി ക്ഷേമനിധിയിലെ നിലവിലെ പദ്ധതി പ്രകാരം കേരള റേഷൻ വ്യാപാരി ക്ഷേമനിധി അംഗങ്ങളായ റേഷൻ വ്യാപാരികൾക്കാണ് മരണാനന്തര സഹായം നൽകിവരുന്നത്. 70 വയസ്സു തികയുന്നതിനു മുൻപ് മരണമടയുന്ന റേഷൻ വ്യാപാരിയാണെങ്കിൽ 10,000 രൂപയും കേരള റേഷൻ വ്യാപാരി ക്ഷേമനിധി അംഗമായതിനുശേഷം 1 വർഷത്തെ സർവ്വീസിന് 1000 രൂപയും ചേർത്ത് ആകൃിലെ രണ്ടാം പട്ടിക പ്രകാരമാണ് ധനസഹായം നൽകിവരുന്നത്. ആയത് പ്രകാരം 30 വർഷം സേവനം ചെയ്ത ആൾക്ക് 40,000 രൂപയാണ് പരമാവധി നൽകാവുന്ന ധനസഹായമായി നിജപ്പെടുത്തിയിരിക്കുന്നത്. ടി മാനദണ്ഡം പുതുക്കുന്നതിനും പരമാവധി 30 വർഷം സർവ്വീസ് ഉള്ള വ്യാപാരി മരണമടഞ്ഞാൽ 2,00,000 രൂപയായി വർദ്ധിപ്പിക്കാനുള്ള പുതിയ ശിപാർശ പരിശോധിച്ചുവരുന്നു. കോവിഡ്-19 ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കും സെയിൽസ്മാൻമാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

ഭക്ഷ്യ കിറ്റ് വിതരണം

283 (1649) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് ആരംഭിച്ച ഭക്ഷ്യക്കിറ്റ് വിതരണത്തിന് ഓരോ മാസവും ചെലവഴിക്കുന്ന തുകയും ഭക്ഷ്യക്കിറ്റ് ലഭിക്കുന്ന റേഷൻ കാർഡുടമകളുടെ എണ്ണവും വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടത്തിവരുന്ന സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 2021 മേയ് വരെ 4648.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോ വിവിധ മാസങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്ത കിറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു..*

(ബി) പ്രസ്തുത ഭക്ഷ്യക്കിറ്റിന് കേന്ദ്ര വിഹിതം അനുവദിച്ചിട്ടുണ്ടോയെന്നും സംസ്ഥാനം ഇതിലേയ്ക്ക് മാറ്റിവച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ?

ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രസർക്കാർ സാമ്പത്തിക വിഹിതം അനുവദിച്ചിട്ടില്ല. ഭക്ഷ്യകിറ്റ് വിതരണത്തിനായി ഓരോ ഘട്ടത്തിലും വേണ്ടി വരുന്ന തുക സപ്ലൈകോയുടെ ശിപാർശ പ്രകാരമാണ് അനുവദിച്ചു നൽകാറുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.